**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1122** **27-07-2021 - ൽ മറുപടിയ്ക്ക്**

**നിലമ്പൂർ ആർട്സ് ആന്റ് സയൻസ് കോളേജിലെ അസൗകര്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി.വി.അൻവർ | | **Dr. R. Bindu**<br>**(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി)** | |
| (എ) | നിലമ്പൂർ ആർട്സ് ആന്റ് സയൻസ് കോളേജിന്റെ സ്ഥലം ഏറ്റെടുക്കൽ നടപടികളുടെ നിലവിലെ അവസ്ഥ വിശദമാക്കാമോ; | (എ) | നിലമ്പൂർ സർക്കാർ ആർട്സ് ആന്റ് സയൻസ് കോളേജ് സ്ഥാപിക്കുന്നതിനായി കണ്ടെത്തിയ ഭൂമി ഏറ്റെടുക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആയത് പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കുന്നതിനായി അർത്ഥന പത്രവും മറ്റ് അനുബന്ധ രേഖകളും മലപ്പുറം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. |
| (ബി) | കോളേജ് നിലവിൽ പ്രവർത്തിക്കുന്ന വാടക കെട്ടിടം സൗകര്യങ്ങൾ കുറവുള്ളതും ആവശ്യമായ ക്ലാസ് മുറികൾ ഇല്ലാത്തതുമാണെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ അദ്ധ്യയന വർഷം മുതൽ ക്ലാസുകൾ ആരംഭിക്കേണ്ടി വരുമ്പോൾ കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തേണ്ടതായി വരുമോ എന്നറിയിക്കുമോ; | (ബി) | ഉണ്ട്. നിലവിൽ കോളേജിലെ ക്ലാസുകൾ ഓൺലൈൻ സംവിധാനങ്ങൾ ഉൾപ്പെടുത്തിയാണ് നടത്തി വരുന്നത്. കോവിഡ് നിയന്ത്രണങ്ങൾ ഒഴിവാക്കി കോളേജിൽ സാധാരണ ഗതിയിലുള്ള അദ്ധ്യയനം ആരംഭിക്കുന്നതിനു മുൻപ് തന്നെ ഭൂമി ഏറ്റെടുക്കൽ അടിയന്തിരമായി പൂർത്തിയാക്കാനുള്ള നടപടികളാണ് സ്വീകരിച്ചു വരുന്നത്. |
| (സി) | നിലമ്പൂർ സർക്കാർ കോളേജിന് വേണ്ടി പൂക്കോട്ടുംപാടത്ത് കണ്ടെത്തിയ സ്ഥലത്ത് താത്കാലിക കെട്ടിടം നിർമ്മിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; ഇതിനായി സ്ഥലം ഏറ്റെടുക്കൽ നടപടികൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് സന്നദ്ധമാകുമോ; | (സി) | ഭൂമി ഏറ്റെടുക്കൽ അടിയന്തിരമായി പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരികയാണ്. 20/07/2021ലെ സ.ഉ.സാധാ) നം.937/2021/ഉ.വി.വ പ്രകാരം നിലമ്പൂർ ആർട്സ് ആന്റ് സയൻസ് കോളേജിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി കിഫ്ബി മുഖേന 12,07,30,379 രൂപക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) | കോളേജിൽ ആവശ്യമായ തസ്തികകൾ അനുവദിക്കാത്തതിനാൽ പ്രയാസങ്ങൾ നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അദ്ധ്യാപക - അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കണമെന്ന അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ എന്തെന്ന് അറിയിക്കാമോ? | (ഡി) | 13/03/2020 തീയ്യതിയിലെ സ.ഉ(കൈ) നം.123/2020/ഉ.വി.വ സർക്കാർ ഉത്തരവ് പ്രകാരം നിലമ്പൂർ സർക്കാർ കോളേജിൽ 1 പ്രിൻസിപ്പാൾ തസ്തികയും അദ്ധ്യാപക തസ്തികകളും 18/02/2021ലെ സ.ഉ.(കൈ)/ 121/2021/ഉ.വി.വ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം നിലമ്പൂർ സർക്കാർ കോളേജിൽ 12 അനധ്യാപക തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ